കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

നം.കെ.എസ്.എ/എ.എൽ.പി-പി4-616/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ – 688 011

ഫോൺ: 0477 2252753

ഇ-മെയിൽ: ddhglfalpy@gmail.com

തീയതി: 15.06.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്(സെക്രട്ടറി മുഖേന)

കൃഷ്ണപുരം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഗ്രാമപഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തെ - ഓഡിറ്റ് റിപ്പോർട്ട് --സംബന്ധിച്ച്

*************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി4-616/2017 തിയ്യതി: 15.06.2017

## ആലപ്പുഴ ജില്ലയിലെ കൃഷ്ണപുരം ഗ്രാമ പഞ്ചായത്ത് 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 18.12.2016 മുതൽ 19.05.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | സി.വൈ.സലിം, ഡെപ്യൂട്ടിഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തികവിവരവും |
|---|---|
| 19.05.2017മുതൽ 30.05.2017വരെ | ശ്രീമതി.സുജ.എൻ<br>ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേഡ്)<br>ശ്രീമതി.മിനി.പി.രാധാകൃഷ്ണൻ (24.5.17 വരെ)<br>അസിസ്റ്റന്റ്ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. ദീപ.കെ.ഗോപാൽ<br>അസിസ്റ്റന്റ്ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.ഷീബ.എം.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി.ബി.വിജയമ്മ | 01.04.2016മുതൽ 31.03.17വരെ |
| സെക്രട്ടറി | : | ശ്രീ.ജി .രാധാകൃഷ്ണൻ<br>ശ്രീമതി.ഡി.എസ്.ആദില | 01.04.16മുതൽ 04.01.2017വരെ<br>05.01.2017മുതൽ 31.03.17 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | : | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | | ശ്രീ.എം.ഷാജഹാൻ | 01.04.16മുതൽ 31.03.17വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | | ശ്രീമതി.ശ്രീദേവി.വി.എസ് | 01.04.16മുതൽ 31.03.17വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | | ഡോ.കെ.ആനന്ദ് | 01.04.16മുതൽ 31.03.17വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | | ഡോ.നൈസി.ഖാൻ<br>ഡോ.അരുൾജ്യോതി | 01.04.16മുതൽ 17.08.2015 വരെ<br>18.8.16 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | | ഡോ. ഡോളി | 01.04.16മുതൽ 31.03.17വരെ |
| വെറ്ററിനറി സർജൻ | | ഡോ.രതീഷ്.കെ.കുമാർ | 01.04.16മുതൽ 31.03.17വരെ |
| വി.ഇ.ഒ | | ശ്രീമതി.ഷൈലജ.പി.എസ്<br>ശ്രീ.രജിത്കമൽ | 01.04.16മുതൽ 31.03.17വരെ<br>16.03.17 മുതൽ 31.03.17വരെ |
| കൃഷി ഓഫീസർ | | ശ്രീമതി.മിനി.എം.പിള്ള | 01.04.16മുതൽ 31.03.17വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | | ശ്രീമതി.റഹീലാ ബീഗം | 01.04.16മുതൽ 31.03.17വരെ |
| പ്രധാനാദ്ധ്യാപിക | | ശ്രീമതി.പി.എൻ.ഉഷാകുമാരി | 01.04.16മുതൽ 31.03.17വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതുഅവലോകനം | 1-1 മുതൽ 1-10വരെ |
| | ഭാഗം 2 | |
| 2 | അനധികൃത നിർമ്മാണത്തിനെതിരെ പഞ്ചായത്ത് നടപടി സ്വീകരിക്കുന്നില്ല | 2-1 |
| | ഭാഗം 3 | |
| 3 | തെരുവ് വിളക്ക് അറ്റകുറ്റപ്പണി - അടാട്ട് മാതൃക – നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കാതെയുള്ള നിർവ്വഹണം നടത്തി | 3-1 |
| 4 | തെരുവ് വിളക്ക് അറ്റകുറ്റപ്പണി - കൃത്യമായ രേഖകളില്ലാതെ മുൻവർഷ കരാറുകാരന് തുക നൽകി | 3-2 |
| 5 | ദിവസവേതന ജീവനക്കാരന് അധിക വേതനം നൽകിയത് അനുവദനീയമല്ല | 3-3 |
| 6 | വൈസ് പ്രസിഡന്റിന് അധിക നിരക്കിൽ ഓണറേറിയം നൽകിയത് അനുവദനീയമല്ല | 3-4 |
| 7 | ജനറേറ്റർ സ്ഥാപിക്കൽ ലക്ഷ്യം കണ്ടില്ല | 3-5 |
| 8 | സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല – ചെലവു തുക തടസ്സപ്പെടുത്തുന്നു | 3-6 |
| 9 | ഇരട്ടവീട് ഒറ്റവീടാക്കൽ പദ്ധതി - അപാകതകൾ | 3-7 |
| 10 | പ്രസവരക്ഷ മരുന്ന് - ലഭ്യമായ മരുന്നിലധികവും വിതരണം ചെയ്തില്ല | 3-8 |
| 11 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ - സബ്സിഡി നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നിർവ്വഹണം നടത്തി | 3-9 |
| 12 | ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് - മരുന്നുകൾ ലഭ്യമാകാത്തത് - സംബന്ധിച്ച് | 3-10 |
| 13 | സ്കൂളുകൾക്ക് ഫർണിച്ചർ - ബിൽ ഹാജരാക്കിയില്ല – നൽകിയ തുകയുടെ ആധികാരികത ഉറപ്പാക്കാൻ | 3-11 |

| | | |
|---|---|---|
| | കഴിയുന്നില്ല | |
| 14 | സാധൂകരണ രേഖകൾ ഹാജരാക്കിയില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-12 |
| 15 | ഭൂരഹിതർക്ക് ഭൂമി - ഭൂമിയുടെ രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കാതെ തുക നൽകി - തുക തടസ്സപ്പെടുത്തുന്നു | 3-13 |
| 16 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം അനർഹർക്ക് നൽകി | 3-14 |
| 17 | റേഷൻ കാർഡിലെ വരുമാനത്തെ ആധാരമാക്കി തൊഴിൽ രഹിത വേതനം നൽകി | 3-15 |
| 18 | ഹോമിയോ ആശുപത്രിക്ക് മരുന്ന് - മരുന്ന് ലഭ്യമാകാത്തത് - സംബന്ധിച്ച് | 3-16 |
| 19 | മാതൃകാ അംഗൻവാടിക്ക് പാർക്കും എ.സി.യും | 3-17 |
| | ഭാഗം 4 | |
| 20 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 to 4-9 |
| | അനുബന്ധം | |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 27.3.17 തീയതിയിലെ I-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 56574000 | 46725991 |
| വാർഷിക കണക്ക് പ്രകാരം | 45979838 | 42284625 |

1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 01.04.2017 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

വിശദാംശങ്ങൾ ഈ റിപ്പോർട്ടിലെ ഭാഗം 4 ൽ ഖ. 4-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 73,15,076.92 |
| വരവ് | 4,59,79,838 |
| ആകെ | 5,32,94,914.92 |
| ചെലവ് | 42,28,46,25 |
| നീക്കിയിരിപ്പ് | 1,10,10,289.90 |

1-5 ഫണ്ട് വിനിയോഗം

| ഇനം | മുന്നിരിപ്പ് | ടി.സി.ചെയ്ത് ലഭിച്ച തുക | അലോട്ട്മെന്റ് | അലോട്മെന്റിൽ നിന്നും പിൻവലിച്ച തുക | ആകെ | ചെലവ് |
|---|---|---|---|---|---|---|
| ജനറൽ | --- | --- | 11910183 | 10744532 | 10744532 | --- |
| ടി.എസ്.പി | | --- | 116538 | 87275 | 87275 | 87275 |
| എസ്.സി. പി | --- | --- | 5452197 | 4058017 | 4058017 | 4058017 |
| സി.എഫ്. സി | --- | --- | 6679596 | 4122657 | 4122657 | 4122657 |
| കെ.എൽ.ജി.എസ്.ഡി.പി | --- | --- | 4512036 | 2485548 | 2485548 | 2485548 |
| റോഡ് | --- | --- | 4896978 | 1121128 | 1121128 | 1121128 |
| നോൺ റോഡ് | --- | --- | 3215466 | 1699886 | 1699886 | 1699886 |
| എൻ.ആർ.ഇ.ജി.എസ് | --- | --- | 31257075.06 | | 31257075.06 | 31211120 |
| ബി.ഫണ്ട് | --- | --- | 39165170 | 39100730 | 39100730 | 39100730 |

1-6പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 136 | 49934386 | 85 | 26693156 | - | 51 | 62.5% |

1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 70% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2285119 | 4155775 | 1870656 | (+)81.86% |
| നികുതിയേതര വരവുകൾ | 348018 | 345479 | (-)2539 | (-)0.72% |
| മറ്റ് വരവുകൾ | 129024 | 194687 | 65663 | (+)50.89% |
| ആകെ | 2762161 | 4695941 | 1933780 | (+) 70% |

1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 382200 | 324 |
| കർഷകതൊഴിലാളി പെൻഷൻ | 3421880 | 324 |
| വിധവാപെൻഷൻ | 9003225 | 869 |
| വാർദ്ധക്യകാലപെൻഷൻ | 22723315 | 1341 |
| വികലാംഗപെൻഷൻ | 3094770 | 282 |
| അവിവാഹിതപെൻഷൻ | 475340 | 44 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 540000 | 18 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.05.2017ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12506/-രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20-4-17 | 3/2017 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.4.12 | 2010-11, 2011-12 | 12.06.12 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 അനധികൃത നിർമ്മാണത്തിനെതിരെ പഞ്ചായത്ത് നടപടി സ്വീകരിക്കുന്നില്ല

ബിൽഡിംഗ് പെർമിറ്റ് അപേക്ഷകൾ പരിശോധിച്ചതിൽ xi-ാം വാർഡിൽ റീസർവ്വേ നം. 652/8 ൽപ്പെട്ട വസ്തുവിൽ നിലവിലുള്ള Kp XI/277-D, 277E, 277F എന്നീ കടമുറികൾക്ക് മുകളിലായി 567.81 എം.2 നിർമ്മാണം നടത്തുന്നതിന് പെർമിറ്റ് നൽകുന്നതിനായി ശ്രീ.അബ്ദുൽ സത്താർ കുറ്റിയിൽ വീട്, കൃഷ്ണപുരം എന്നയാൾ 6.6.14 തീയതിയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിർമ്മാണത്തിനു പഞ്ചായത്ത് അനുമതി നൽകിയിട്ടില്ല. നിലവിൽ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിൽ കെ.പി.ബി.ആർ-ന്റെ ലംഘനം നടന്നിട്ടുണ്ടെന്ന് എ.ഇ. റിപ്പോർട്ടു ചെയ്തിട്ടുള്ളതായും അനധികൃത നിർമ്മാണം നടക്കുന്നതായി രേഖാമൂലം പരാതി ലഭിച്ചിരുന്നതായും ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ടു. അനധികൃത നിർമ്മാണത്തിന്മേൽ പഞ്ചായത്ത് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 തെരുവ് വിളക്ക് അറ്റകുറ്റപ്പണി-അടാട്ട് മാതൃക-നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കാതെയുള്ള നിർവ്വഹണം നടത്തി

ബഹു.പഞ്ചായത്ത് ഡയറക്ടറുടെ 44274/15 dt.17-8-2015 പ്രകാരമുള്ള പ്രത്യേക നിർദ്ദേശപ്രകാരം അടാട്ട് മാതൃകയിൽ തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. ഇതോടൊപ്പം പദ്ധതി നടപ്പിലാക്കുന്നതിന് ചില അടിസ്ഥാന നിർദ്ദേശങ്ങളും നൽകിയിരുന്നു. എന്നാൽ ഇവയിൽ മിക്കതും പാലിക്കാതെയാണ് ഗ്രാമപഞ്ചായത്ത് പദ്ധതി നടപ്പിലാക്കിയത്.

1. ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ തെരുവുവിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ അപ്രകാരം ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിലെ ആകെ തെരുവു വിളക്കുകളുടെ എണ്ണവും ഇനവും സംബന്ധിച്ച് വിവരശേഖരണം നടത്തിയിട്ടില്ല.

2. പരാതികൾ സ്വീകരിക്കുന്നതിനും തുടർനടപടികൾക്കുമായി ഒരു നോഡൽ ഓഫീസറെ നിശ്ചയിക്കണം. പരാതികൾ രേഖപ്പെടുത്തുന്നതിന് ഒരു രജിസ്റ്റർ സൂക്ഷിക്കണം. പരാതികൾ ഈ രജിസ്റ്ററിൽ ചേർത്ത് മെയിന്റനൻസ് ടീമിന് കൈമാറണം. പരിഹരിച്ച പരാതികളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുകയും വേണം. എന്നാൽ രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. അസിസ്റ്റന്റ്

സെക്രട്ടറിയെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ടെങ്കിലും, ഉത്തരവിൽ പറയുന്ന ചുമതലകൾ നിർവ്വഹിച്ചിട്ടില്ല.

3. ഉപകരണങ്ങൾ വാങ്ങുമ്പോൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കണം. തിരികെ വരുന്നവ രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റം എന്ന രജിസ്റ്ററിൽ ചേർക്കണം. വർഷാവസാനം സ്റ്റോക്ക് ഇൻ രജിസ്റ്ററും സ്റ്റോക്ക് ഔട്ട് രജിസ്റ്ററും തമ്മിൽ റിക്കൺസൈൽ ചെയ്യണം. എന്നാൽ പരിശോധനക്ക് ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് എൻട്രി വരുത്തിയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഉപകരണങ്ങളുടെ വിതരണം കാണിച്ചിട്ടുണ്ടെങ്കിലും ആര് കൈപ്പറ്റി എന്നവിവരവും എന്ന് കൈപ്പറ്റി എന്ന വിവരവും രേഖപ്പെടുത്തിയിട്ടില്ല. തിരികെ ലഭിച്ച ഉപകരണങ്ങളുടെ വ്യക്തമായ വിവരം സൂക്ഷിച്ചിട്ടില്ല. 31-3-2017 വരെ തിരികെ കിട്ടിയതായി രേഖപ്പെടുത്തിയിട്ടുള്ളത് വളരെക്കുറച്ച് ഉപകരണങ്ങൾ മാത്രമാണ്.

4. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി നിശ്ചിത മാതൃകയിൽ ഒരു മെയ്ന്റനൻസ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം ഒരു രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളതല്ലാതെ രേഖപ്പെടുത്തൽ ഒന്നും വരുത്തിയിട്ടില്ല. വാർഡ് മെമ്പർമാർ വാർഡിലെ മുഴുവൻ വിളക്കുകളും അറ്റകുറ്റപ്പണി നടത്തി എന്ന രീതിയിൽ മോണിറ്ററിംഗ് റിപ്പോർട്ട് നല്കുന്നുണ്ട് എങ്കിലും പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിനുള്ള പ്രധാന രേഖകളായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലുള്ള അപാകത നിർവ്വഹണത്തിന്റെ ഫലപ്രാപ്തിയിൽ സംശയം ഉളവാക്കുന്നു. ആയതിനാൽ താഴെ പറയുന്ന ചെലവുകൾ തടസ്സത്തിൽ വക്കുന്നു.

| ക്രമനം. | ചെലവു വിവരം | വൌച്ചർ നം. തീയതി | തുക | കൈപ്പറ്റിയ സ്ഥാപനം. |
|---|---|---|---|---|
| 1. | തെരുവു വിളക്കുകൾ, മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങൽ. | 15-10-2016<br>30-12-2016<br>27-3-2017<br>27-3-2017 | 42865<br>14665<br>128551<br>39638<br>12400 | വിജയ് എജൻസീസ്. |
| | ആകെ | | 238119 | |
| 2 | ലാഡർ | 26-9-2016 | 5900 | കീർത്തി എജൻസീസ്. |
| 3 | റിപ്പയർ | 5-10-2016 | 11850<br>4650 | താഹാക്കുഞ്ഞ്. |
| | | 19-10-2016 | 5250<br>11325 | „<br>„ |
| | | 22-11-2016 | 8475 | „ |
| | | 29-11-2016 | 14700 | „ |
| | | 10-1-2017 | 28650 | „ |
| | | 21-3-2017 | 27750 | „ |
| | | 30-3-2017 | 33525 | „ |
| | റിപ്പയർ ആകെ ചെലവ്. | | 146175 | |

| | | | | |
|---|---|---|---|---|
| | ട്രാൻസ്പോർട്ടേഷൻ ചെലവ്. | 5-10-2016 | 9600 | |
| | | 19-10-2016 | 14400 | |
| | | 22-11-2016 | 9600 | |
| | | 29-11-2016 | 13000 | |
| | | 10-1-2017 | 23400 | |
| | | 21-3-2017 | 28400 | |
| | | 30-3-2017 | 27300 | |
| 3 | ആകെ ട്രാൻസ്പോർട്ടേഷൻ ചെലവ്. | | 125700രൂപ | |
| | ആകെ ചെലവ്. | | 515894 | |

ഈ മാതൃകയിൽ പദ്ധതി നടപ്പിലാക്കിയത് ഫലപ്രദമാണോ എന്നും പഞ്ചായത്തിന് ഗുണകരമാണോ എന്നുമുള്ള വിവരം പരിശോധിക്കേണ്ടതും യുക്തമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-2 തെരുവു വിളക്ക് അറ്റകുറ്റപ്പണി - കൃത്യമായ രേഖകളില്ലാതെ മുൻവർഷ കരാറുകാരന് തുക നൽകി

പ്രോജക്ട് നം.112/17(സ്പിൽഓവർ പ്രോജക്ട്)

പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള തെരുവു വിളക്കുകൾ ആവശ്യമായ സാധനങ്ങൾ വാങ്ങിയും അറ്റകുറ്റപ്പണി ചെയ്തും പരിപാലിക്കുന്നതിനായി 6-4-2015-ൽ ടെണ്ടർ ക്ഷണിച്ചതിൽ 574 ട്യൂബ് ലൈറ്റ്, 50ബൾബ്, 200 സി.എഫ്.എൽ, 618 automatic CFL എന്നിവ അറ്റകുറ്റപ്പണി നടത്തേണ്ടതുണ്ട് എന്ന് സൂചിപ്പിച്ചിരുന്നു. ഓരോ ഇനത്തിലും ഒരെണ്ണം സ്ഥാപിക്കുന്നതിനുള്ള തുകയാണ് ദർഘാസിൽ സൂചിപ്പിക്കേണ്ടത് എന്നും നിഷ്കർഷിച്ചിരുന്നു ഇതുപ്രകാരം. ഓട്ടോമാറ്റിക് സിഎഫ്.എല്ലിന് 459 രൂപയും, ട്യൂബിന് 440രൂപയും, ബൾബിന് 159രൂപയും, സി.എഫ്.എല്ലിന് 360രൂപയും നിരക്കുകൾ ക്വോട്ട് ചെയ്ത ശ്രീ.അബ്ദുൾ കബീർ എന്നയാളിന്റെ ക്വൊട്ടേഷൻ അംഗീകരിച്ചു. കരാറുകാരൻ ഓരോ പ്രാവശ്യവും ഇത്ര എണ്ണം ഉപകരണങ്ങൾ നന്നാക്കിയെന്ന കാണിച്ച് ഡിമാന്റ് നൽകുന്ന മുറക്ക് കരാറുകാരൻ ആവശ്യപ്പെടുന്ന തുക നൽകുകയാണ് ചെയ്തിട്ടുള്ളത്. കരാറുകാരൻ ഓരോ വാർഡിലും ഏതൊക്കെ പോസ്റ്റുകളിൽ ഏതിനം ലൈറ്റ് അറ്റകുറ്റപ്പണി നടത്തി എന്നത് വ്യക്തമാക്കിയിട്ടില്ല. വാർഡ് മെമ്പറന്മാരും "ഞങ്ങളുടെ വാർഡിലെ മുഴുവൻ ലൈറ്റും അറ്റകുറ്റപ്പണി നടത്തി" എന്ന രീതിയിലാണ് സാക്ഷ്യപത്രം നൽകിയിട്ടുള്ളത്. യഥാർത്ഥത്തിൽ അറ്റകുറ്റപ്പണി നടത്തുകയോ മാറ്റിയിടുകയോ ചെയ്ത ലൈറ്റുകളുടെ കണക്കില്ലാതെ തുക അനുവദിച്ചതിൽ അപാകതയുണ്ട്. 2015-16 വർഷം കരാർ കാലാവധി 4/2016 വരെയായിരുന്നു. മുൻ വർഷം നൽകിയതിന്റെ ബാക്കി തുക എന്ന രീതിയിൽ ചെക്ക് നം.159450 തീയതി,28-6-2016 പ്രകാരം 205396 രൂപ പിൻവലിച്ച് ടി.ഡി.എസ്സ് കഴിച്ച് 203342 രൂപ കരാറുകാരന് നൽകി. അറ്റകുറ്റപ്പണി നടത്തിയവയുടെ/മാറ്റി സ്ഥാപിച്ചവയുടെ കൃത്യമായ കണക്കില്ലാതെ വേതനം നൽകിയതിന് വിശദീകരണം നൽകുന്നതിന് നൽകിയ എൻക്വയറിക്കുള്ള മറുപടിയിൽ എ.എം.സി-യായി നൽകിയതിനാലാണ് ക്വോട്ട്ചെയ്ത മുഴുവൻ തുകയും നൽകിയത് എന്ന് അറിയിച്ചിട്ടുണ്ട്. അറ്റകുറ്റപണി നടത്തിയ വിളക്കുകൾ സംബന്ധിച്ച കൃത്യമായ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഈയിനത്തിൽ നൽകിയ 205396/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 ദിവസവേതന ജീവനക്കാരന് അധികവേതനം നൽകിയത് അനുവദനീയമല്ല.

സർക്കാർ ഉത്തരവ് നം.28/2016 ധന. തീയതി, 26-2-2016പ്രകാരം ദിവസവേതന തൊഴിലാളികളുടെ വേതനം പുതുക്കി നിശ്ചയിച്ചിരുന്നു. ഇതുപ്രകാരം ദിവസ വേതന ഡ്രൈവറുടെ വേതനം ഒരു ദിവസത്തേക്ക് 650 രൂപയും ഒരുമാസം നൽകാവുന്ന പരമാവധിവേതനം 17550രൂപയായും നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഡ്രൈവറായ ശ്രീ.വസന്തകുമാർ താഴെപറയും പ്രകാരം അധികവേതനം കൈപ്പറ്റിയിട്ടുണ്ട്.

| ക്രമനം. | വൌച്ചർനം.& തീയതി | അനുവദനീയമായ തുക | അനുവദിച്ച തുക | അധികം നൽകിയത് |
|---|---|---|---|---|
| 1 | vr.no.97/16 dt.11-5-2016 | 17550 | 19500 | 1950 |
| 2 | vr.no.154/16 7-6-2016 | 17550 | 18850 | 1300 |
| | ആകെ | | | 3250 |

അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-4 വൈസ് പ്രസിഡന്റിന് അധികനിരക്കിൽ ഓണറേറിയം നൽകിയത് അനുവദനീയമല്ല

ജി.ഒ(പി)നം.292/13/തസ്വഭവ. തീയതി, 04-09-2013 പ്രകാരം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റിന്റെ ഓണറേറിയം 5300രൂപയാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ വൈസ് പ്രസിഡന്റായിരുന്ന ശ്രീമതി.ഷീജാമണി 1-7-2014 മുതൽ 10-2015 വരെ 16 മാസവും പഞ്ചായത്തിലെ ഇപ്പോഴത്തെ വൈസ് പ്രസിഡന്റായ ശ്രീ.ഐ.റഫീക്ക് 11/2015 മുതൽ 7/2016 വരെ 8മാസം 15ദിവസവും 5600 രൂപവീതം ഓണറേറിയം കൈപ്പറ്റിയിട്ടുണ്ട്. ശ്രീമതി.ഷീജാമണി അധികമായി കൈപ്പറ്റിയ 4800രൂപയും ശ്രീ.റഫീക്ക് അധികമായി കൈപ്പറ്റിയ 2618രൂപയും അതാത് വ്യക്തികളിൽനിന്ന് ഈടാക്കേണ്ടതാണ്.(2016-17-ലെ അധികചെലവ് 4/16-7/2016-4x300=1200രൂപ).

## 3-5 ജനറേറ്റർ സ്ഥാപിക്കൽ ലക്ഷ്യം കണ്ടില്ല

ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം വൈദ്യുതി തകരാറുമൂലം തടസ്സപ്പെടാതിരിക്കുന്നതിനു വേണ്ടി പഞ്ചായത്തിൽ ജനറേറ്റർ സൗകര്യം ഏർപ്പെടുത്തുവാൻ തീരുമാനിച്ചിരുന്നു. ഇതിനായി രണ്ട് പ്രോജക്ടുകളാണ് തയ്യാറാക്കിയത്. 116/16 എന്ന നമ്പരായി 325000രൂപ വകയിരുത്തി ജനറേറ്ററും ഇന്റർകോം വാങ്ങലും എന്ന പ്രോജക്ടും 147/16നമ്പരായി 200000 തനതു ഫണ്ട് വകയിരുത്തി ജനറേറ്റർ സ്ഥാപിക്കലിനായി മറ്റൊരു പ്രോജക്ടും തയ്യാറാക്കി. പദ്ധതി നടപ്പിലാക്കിയപ്പോൾ 299000രൂപക്ക് ജനറേറ്റർ വാങ്ങൽ മാത്രം നടത്തി. മാർച്ച് മാസം വാങ്ങിയ ജനറേറ്റർ സുരക്ഷിതമല്ലാത്തവിധം പഞ്ചായത്ത് ഓഫീസിനു മുമ്പിൽ പൊതിഞ്ഞു സൂക്ഷിച്ചിരിക്കുന്നു. 147/16 പ്രോജക്ട് നടപ്പാക്കിയതുമില്ല. ജനറേറ്ററിനായി വിവിധ സ്ഥാപനങ്ങൾ സമർപ്പിച്ച ടെണ്ടറിൽ ഇൻസ്റ്റലേഷൻ ചാർജ്ജ് പ്രത്യേകം സൂചിപ്പിച്ചിരുന്നു. ജനറേറ്റർ വാങ്ങലും സ്ഥാപിക്കലും ഒറ്റപ്രോജക്ടായി തയ്യാറാക്കിയിരുന്നു എങ്കിൽ വാങ്ങലിനൊപ്പം തന്നെ സ്ഥാപിക്കലും നടക്കുമായിരുന്നു. പ്രോജക്ട് തയ്യാറാക്കുന്നതിലെ പ്രായോഗികയില്ലായ്മയും പ്രോജക്ടിന്റെ ലക്ഷ്യപ്രാപ്തിക്കു തടസ്സമായി. ജനറേറ്റർ ഇൻസ്ററാൾ ചെയ്യുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ഭരണസമതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-6 സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല ചെലവുതുക തടസ്സപ്പെടുത്തുന്നു

2016-17സാമ്പത്തിക വർഷം വികസന ഫണ്ട്, കേന്ദ്രാവിഷ്കൃത ഫണ്ട് എന്നിവയിൽ നിന്നും 1500000/- രൂപ വകയിരുത്തി ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രോജക്ടാണ് അനുപൂരക

പോഷകാഹാര പരിപാടി (പ്രോജക്ട്നം. S0070/17) പദ്ധതിയുടെ ആകെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

ബിൽ നം. 2/17 തീയതി. 18.10.16 തുക . 401800

ബിൽ നം. 3/17 തീയതി. 17.02.16 തുക . 298200

ബിൽ നം. 4/17 തീയതി. 20.03.16 തുക . 100000

ചെക്ക് നം.56819165തീയതി.25.5.16 തുക 273392

ചെക്ക് നം.5681916 തീയതി.19.08.16 തുക 321733

ഈ തുക വിനിയോഗിച്ച നീതി സ്റ്റോർ, കൃഷ്ണപുരം കോപ്പറേറ്റീവ് ബാങ്ക്, ദുർഗ്ഗാലക്ഷ്മി അമൃതം ഫുഡ് പ്രോഡക്ട്സ്, പത്തിയൂർ എന്നീ സ്ഥാപനങ്ങളിൽ നിന്നും ഭക്ഷ്യസാധനങ്ങൾ വാങ്ങിയിട്ടുണ്ടെങ്കിലും സ്റ്റോക്ക് രജിസ്റ്ററിൽ ആയതിന്റെ വിതരണ വിവരം ചേർത്തിട്ടില്ല. സാധനങ്ങൾ അംഗൻവാടി ടീച്ചർമാർ കൈപ്പറ്റിയതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. സറ്റോക്ക് രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ സാധനങ്ങൾ പൂർണ്ണമായും ലഭിച്ചിരുന്നോ, ലഭിച്ച ഭക്ഷ്യസാധനങ്ങൾ പൂർണ്ണമായി വിതരണം ചെയ്തുവെന്നോ എന്നും പരിശോധിക്കുവാൻ സാധിക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പൂർണ്ണമാക്കാത്ത സാഹചര്യത്തിൽ ഭക്ഷ്യ സാധനങ്ങൾക്കായി ചെലവഴിച്ച തുക1337772/-രൂപ തടസ്സപ്പെടുത്തുന്നു. ഇന വിവരം ചുവടെ കൊടുക്കുന്നു

| ക്രമ നം | ബിൽ നം. തീയതി തുക | ഡിഡി നം/ അക്കൗണ്ട് നം/ തീയതി | തുക | ഇനം | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | ബിൽ നം.2/17 തുക 401800/- | ഡി.ഡി.നം 017982 dtd 18.1016 | 236717 | ഭക്ഷ്യവസ്തുക്കൾ | സെക്രട്ടറി, നീതി സ്റ്റോർ, കൃഷ്ണപുരം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് |
| | | ഡി.ഡി.നം 017983 dtd 18.1016 | 107730 | അമൃതം ഫുഡ് | ദുർഗ്ഗാലക്ഷ്മി അമൃതം യൂണിറ്റ്, കീരിക്കാട് |
| 2 | ബിൽ നം.3/17 തുക 298200 | 67199035 dtd 21.03.17 | 255502 | ഭക്ഷ്യവസ്തുക്കൾ | സെക്രട്ടറി,നീതി സ്റ്റോർ, കൃഷ്ണപുരം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് |
| | | 67165030304 dtd 21.03.17 | 42698 | അമൃതം ഫുഡ് | ദുർഗ്ഗാലക്ഷ്മി അമൃതം യൂണിറ്റ്, കീരിക്കാട് |
| 3 | ബിൽ നം.4/17 തുക 100000/- | 67165030304 | 100000 | അമൃതം ഫുഡ് | ദുർഗ്ഗാലക്ഷ്മി അമൃതം യൂണിറ്റ്, കീരിക്കാട് |
| 4 | 56819165തീയതി, 25.5.16 തുക | 02090 തീയതി, | 55575 | അമൃതം ഫുഡ് | ദുർഗ്ഗാലക്ഷ്മി അമൃതം യൂണിറ്റ്, |

| | | | | | |
|---|---|---|---|---|---|
| | 273392 | 31.05.16 | | | കീരിക്കാട് |
| | | 02091 തീയതി, 31.05.16 | 217817 | ഭക്ഷ്യവസ്തുക്കൾ | സെക്രട്ടറി,നീതി സ്റ്റോർ, കൃഷ്ണപുരം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് |
| 5 | ചെക്ക് നം. 5681916 തീയതി. 19.08.16 തുക 321733 | 17541 തീയതി, 29.08.16 | 214345 | ഭക്ഷ്യവസ്തുക്കൾ | സെക്രട്ടറി, നീതി സ്റ്റോർ, കൃഷ്ണപുരം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് |
| | | 17515 തീയതി, 29.08.16 | 107388 | അമൃതം ഫുഡ് | ദുർഗ്ഗാലക്ഷ്മി അമൃതം യൂണിറ്റ്, കീരിക്കാട് |
| | | ആകെ | 1337772/- | | |

## 3-7 ഇരട്ടവീട് ഒറ്റവീടാക്കൽ പദ്ധതി - അപാകതകൾ

പ്രോജക്ട്.നം. S0089/17

അടങ്കൽ തുക.1800000

ചെലവഴിച്ചത്-1080000

പദ്ധതി നടത്തിപ്പിലെ പൊതു അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. ജി.ഒ.എം.എസ്സ്.നം.4/2016 ത.സ്വ.ഭ.വ.തീയതി 11-1-2016 സബ്സിഡി നിർദ്ദേശങ്ങൾ പ്രകാരം ഈ ആനുകൂല്യം നല്കുന്നതിനായി കുടുംബത്തിന് വാസയോഗ്യമായ വീടില്ല എന്ന് നിശ്ചിതഫാറത്തിൽ വിവരശേഖരണം നടത്തി നിർവ്വഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയിരിക്കണം. എന്നാൽ ഇപ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. ഒരിക്കൽ വീട് നിർമ്മാണത്തിന് ആനുകൂല്യം ലഭിച്ചവർക്ക് വീണ്ടും പുതിയ വീടിന് ധനസഹായം നൽകാൻ പാടില്ല. പദ്ധതി സഹായം മുൻപ് കൈപ്പറ്റിയവർ ആനുകൂല്യം ലഭിച്ചിട്ടില്ല എന്നത് ഉറപ്പാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. മുപ്പത് ചതുരശ്ര മീറ്ററിൽ കുറയാത്തതും അറുപത്തിയാറ് ചതുരശ്രമീറ്ററിൽ കവിയാത്തതുമായ വീടുകൾക്ക് മാത്രമേ ആനുകൂല്യം നൽകാവൂ. എന്നാൽ വീടിന്റെ വിസ്തീർണ്ണം സംബന്ധിച്ച് യാതൊരു രേഖകളും ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല.

4. നിർമ്മിക്കുന്ന വീട് 12വർഷത്തേക്ക് മാറ്റംചെയ്യുകയോ, അന്യധീനപ്പെടുത്തുകയോ ചെയ്യുകയില്ല എന്ന് ഗുണഭോക്താവ് കരാർ എഴുതി രജിസ്റ്റർചെയ്യേണ്ടതുണ്ട്. എന്നാൽ ഷമീർ, ലതിക, മുഹമ്മദ്കുഞ്ഞ് എന്നീ ഗുണഭോക്താക്കൾ ഇപ്രകാരം കരാർ ചമച്ചിട്ടില്ല.

5. ഗുണഭോക്താക്കൾ ആരും തന്നെ നിർമ്മാണം പൂർത്തിയാക്കി അവസാന ഗഡു കൈപ്പറ്റിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകുന്നതിന് നൽകിയ എൻക്വയറിക്കുള്ള മറുപടിയിൽ അവസാന ഗഡു നൽകുന്നതിന് മുമ്പ് ഓഡിറ്റിൽ ചൂണ്ടികാട്ടിയ അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## 3-8 പ്രസവരക്ഷ മരുന്ന് - ലഭ്യമായ മരുന്നിലധികവും വിതരണം ചെയ്തില്ല

പ്രോജക്ടും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. മെഡിക്കൽ ഓഫീസർ ആയുർവേദം നടപ്പാക്കിയ (പ്രോജക്ട് നം.s0103/17 നമ്പർ പ്രോജക്ടിലുൾപ്പെടുത്തി പ്രസവരക്ഷ മരുന്നുകൾ വാങ്ങുന്നതിനായി 1,00,000 രൂപ(ബിൽ നം.AY2/16-17 തീയതി, 17.02.17) ഔഷധിക്ക് നൽകിയെങ്കിലും 49,202 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി മരുന്നുകൾ ലഭ്യമാകുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നമ്പർ 10/27.5.17 നൽകിയതിനുള്ള മറുപടിയിൽ ഔഷധിയിൽ മരുന്നിന്റെ കുറവുള്ളതിനാലാണ് മരുന്ന് ലഭിക്കാതിരുന്നതെന്നാണ്. പ്രസവിച്ച് 6മാസം കഴിയാത്തവർക്ക് വേണ്ടിയാണ് പ്രോജക്ട് ആവിഷ്കരിച്ചിരുന്നത്. ആയതിനാൽ മരുന്ന് യഥാസമയം ലഭ്യമാകാതിരുന്നതുമൂലം ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കാത്ത അവസ്ഥയാണുള്ളത്. തുക മുൻകൂറായി നൽകി നാളിതുവരെയായിട്ടും മരുന്ന് ലഭിക്കാതിരുന്നതിനാൽ 50,798/-രൂപയുടെ (1,00,000 - 49,202) ചെലവ് നിരാകരിക്കുന്നു.

2. മരുന്നുകൾ വാങ്ങുന്നതിന് നൽകിയ 1,00,000 രൂപയിൽ ഗ്രാമപഞ്ചായത്തിൽ ലഭ്യമായ 49,202 രൂപയുടെ മരുന്നിൽ തന്നെ വലിയൊരളവ് മരുന്നും വിതരണം ചെയ്യാതെ സ്റ്റോക്കിൽ അവശേഷിക്കുന്നതായി ബോധ്യപ്പെട്ടു. നിർവ്വഹണ ഉദ്യോഗസ്ഥ സെക്രട്ടറിക്ക് നൽകിയ c1-91/16 തീയതി, 29.916 കത്ത് പ്രകാരം ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 പേർക്കാണ് പ്രോജക്ടിന്റെ ആനുകൂല്യം ലഭിക്കുന്നത്. ഇതിനെ ആധാരമാക്കിയാണോ മരുന്നിന്റെ ആവശ്യകത നിർണ്ണയിച്ചതെന്നു വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ സ്റ്റോക്കിൽ അവശേഷിക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉള്ള ഗുണഭോക്താക്കൾ എത്താത്തതിനാലാണ് മരുന്നുകൾ ബാക്കിയുള്ളതെന്നാണ് മറുപടി നൽകിയിട്ടുള്ളത്. കൃത്യമായ അവലോകനം നടത്തി മരുന്ന് ആവശ്യമായവരുടെ എണ്ണം കണ്ടെത്തി അവർക്ക് മാത്രമായി പ്രോജക്ട് ആവിഷ്കരിച്ചിരുന്നെങ്കിൽ ഇത്രയും മരുന്ന് സ്റ്റോക്കിൽ അവശേഷിക്കില്ലായിരുന്നു. മരുന്ന് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രായോഗികമായ പ്രോജക്ടുകൾ തയ്യാറാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ - സബ്സിഡി നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നിർവ്വഹണം നടത്തി

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ s0027/16 പ്രോജക്ടിലുൾപ്പെടുത്തി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 4 ബി.എസ്.എ. ലേഡിബേഡ് സൈക്കിളും 5 ഹീറോ നൈട്രോ ഇൻഡസ്ട്രി സൈക്കിളുകളും വിതരണം ചെയ്തിട്ടുണ്ട്. പ്രോജക്ടും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ജി.ഒ.(എം.എസ്) 2464/16 തീ.17.2.16 പ്രകാരം പത്താം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് പുറമെ 8,9 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് കൂടി സൈക്കിൾ നൽകുന്നതിനാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. എന്നാൽ ചുവടെ ചേർത്തിരിക്കുന്ന ഹൈസ്കൂൾ വിദ്യർത്ഥികൾ അല്ലാത്തവർക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.9 തീയതി, 27.05.17)ഹൈസ്കൂൾ വിദ്യർത്ഥികൾ ഇല്ലാതിരുന്നതിനാലാണ് മറ്റ് ക്ലാസ്സിൽ പഠിക്കുന്ന വിദ്യർത്ഥികൾക്ക് ആനുകൂല്യം നൽകിയതെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. അനർഹർക്ക് ആനുകൂല്യം നൽകുന്നതിനായി ചെലവഴിച്ച 20310/- രൂപ (4 x 3990 + 1 x 4350)നിരാകരിക്കുന്നു.

എ.ഗോകുൽ കൃഷ്ണൻ, കൊച്ചുകൃഷ്ണാലയം, കാപ്പിൽ മേക്ക് -- 1-ാം വർഷ ബികോം

ബി.ഗോപു കൃഷ്ണൻ, കൊച്ചുകൃഷ്ണാലയം, കാപ്പിൽ മേക്ക് -- പ്ലസ്സ് വൺ

സി.കിഷോർ.കെ, കൃഷ്ണഭവനം, കാപ്പിൽ മേക്ക് -- 6-ാം ക്ലാസ്സ്

ഡി.ദേവിക, അനന്തപുരി, കാപ്പിൽ മേക്ക് -- 7-ാം ക്ലാസ്

ഇ.പ്രണവ്, പ്രണവ് ഭവനം, പുള്ളിക്കണക്ക് - 6-ാം ക്ലാസ്

2. സബ്സിഡി മാർഗ്ഗ നിർദ്ദേശപ്രകാരം പട്ടികജാതി വികസന വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ലന്ന സാക്ഷ്യപത്രം ഹാജരാക്കിയവർക്ക് മാത്രമാണ് ആനുകൂല്യത്തിന് അർഹത. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിന്നും സൈക്കിൾ നൽകിയ 9 ഗുണഭോക്താക്കൾക്കും വകുപ്പിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ലന്ന സാക്ഷ്യപത്രം ഹാജരാക്കാതെയാണ് സൈക്കിൾ നൽകിയത്. അപാകതകൾക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ 9/27.5.17 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വകുപ്പിൽ നിന്ന് ആനുകൂല്യം ലഭിച്ചില്ലന്ന് ഫോൺ മുഖാന്തിരം അറിയിച്ചതിനാലാണ് ആനുകൂല്യം നൽകിയതെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ മേൽ ഖണ്ഡികയിൽ നിരാകരിച്ച 4 പേർക്ക് ഒഴികെയുള്ള 5 പേർക്കായി ചെലവഴിച്ച 17040/-(3x4350+1x3990) തടസ്സപ്പെടുത്തുന്നു.

ബിൽ നമ്പർ 56-16/17 തീ.31.3.17 --- 37275/- (37350 limited to 37275)

## 3-10 ആയുവേദാശുപത്രിക്ക് മരുന്ന് - മരുന്നുകൾ ലഭ്യമാകാത്തത് - സംബന്ധിച്ച്

s0102/17 നമ്പർ പ്രോജക്ടിലുൾപ്പെടുത്തി മരുന്ന് വാങ്ങുന്നതിനായി 4,00,000 രൂപ (ബിൽ നമ്പർ AY1-16/17 തീയതി,13.12.16) ഔഷധിക്ക് നൽകിയെങ്കിലും 3,85,557 രൂപയുടെ മരുന്നുകളാണ് ലഭിച്ചിട്ടുള്ളത്. ബാക്കിയുള്ള 14,443 രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമാകുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നമ്പർ 13/27.5.17 നൽകിയതിനുള്ള വിശദീകരണത്തിൽ ഔഷധിയിൽ മരുന്നിന്റെ കുറവുള്ളതിനാലാണ് മരുന്ന് ലഭിക്കാത്തതെന്നാണ്. തുക മുൻകൂറായി നൽകി നാളിതുവരെയായിട്ടും മരുന്ന് ലഭിക്കാതിരുന്നതിനാൽ 14,443 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## 3-11 സ്കൂളുകൾക്ക് ഫർണ്ണിച്ചർ - ബിൽ ഹാജരാക്കിയില്ല - നൽകിയ തുകയുടെ ആധികാരികത ഉറപ്പാക്കാൻ കഴിയുന്നില്ല

s0101/17 നമ്പർ പ്രോജക്ടിലുൾപ്പെടുത്തി സിഡ്കോയിൽ നിന്ന് ഫർണ്ണിച്ചറുകൾ വാങ്ങിയതിന്റെ വിലയിനത്തിൽ 24,593 രൂപ ബിൽ നമ്പർ 3-16/17 തീയതി,15.2.17 പ്രകാരം പിൻവലിച്ച് നൽകിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ ഫർണിച്ചർ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബിൽ പരിശോധനക്ക് ഹാജരാക്കാത്തതിനാൽ നൽകിയ തുകയുടെ ആധികാരികത ഉറപ്പാക്കാൻ കഴിയുന്നില്ല. ബിൽ പരിശോധനക്ക് ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം 11/27.5.17 നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല. 24,593 രൂപയുടെ ചെവല് തടസ്സപ്പെടുത്തുന്നു.

## 3-12 സാധൂകരണ രേഖകൾ ഹാജരാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു

1. s00 41/17 നമ്പർ പ്രോജക്ടിലുൾപ്പെടുത്തി എസ്.എസ്.എ. വിഹിതമായി 4,50,000/-രൂപ (ബിൽ നമ്പർ 1-16/17 തീയതി, 25.11.16) എസ്.എസ്.എ. പ്രോജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ടെങ്കിലും തൻവർഷം ചെയ്യുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ എസ്ററിമേറ്റ്, (എസ്.എസ്.എ.യിൽ നിന്ന് ലഭ്യമായത്) വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

2. <u>പത്താംതര തുല്യത</u>

s00 42/17 നമ്പർ പ്രോജക്ടിലുൾപ്പെടുത്തി 11പേരുടെ പരീക്ഷാ ഫീസിനത്തിൽ 22,000 രൂപ (ബിൽ നമ്പർ 2-16/17 തീ.25.11.16) സാക്ഷരതാമിഷനിൽ ഒടുക്കിയിട്ടുണ്ടെങ്കിലും പഠിതാക്കൾ പരീക്ഷയിൽ പങ്കെടുത്തതിന്റെ രേഖകൾ ഹാജരാക്കിട്ടില്ല.

രേഖകൾ പരിശോധനക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 11/27.5.17 നൽകിയെങ്കിലും

രേഖകൾ ലഭ്യമാക്കിയില്ല. ആയതിനാൽ 4,72,000/- രൂപയുടെ ചെവല് തടസ്സപ്പെടുത്തുന്നു.

## 3-13 ഭൂരഹിതർക്ക് ഭൂമി - ഭൂമിയുടെ രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കാതെ തുക നൽകി - തുക തടസ്സപ്പെടുത്തുന്നു

ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനായി ആവിഷ്കരിച്ച വിവിധ പ്രോജക്ടുകൾ വഴി തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കളുടെ വസ്തുവിന്റെ രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കാതെയാണ് തുക വസ്തു എഴുതി നൽകിയ വ്യക്തിക്ക് നൽകിയിരിക്കുന്നത്. ഇപ്രകാരം രജിസ്ട്രേഷൻ രേഖകൾ ഇല്ലാതെ തുക ചെലവഴിച്ചതിന് വിശദീകരണം ആരാഞ്ഞ് നൽകിയ 18/29.5.17നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ആധാര പകർപ്പ് വാങ്ങി സൂക്ഷിക്കുന്നതാണെന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി ലഭ്യമാക്കിയത്. ഈ മറുപടി അംഗീകരിക്കത്തകതല്ല. ഇവർക്കായി ചെലവഴിച്ച 9,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | ബിൽ നമ്പർ | തുക | ഗുണഭോക്താവിന്റെ പേര് | വസ്തു നൽകിയ ആളുടെ പേര് |
|---|---|---|---|---|---|
| 1. | S0006/17 (സ്പിൽ ഓവർ) | 3-16/17 തീയതി, 30.8.16 | 1,50,000 | കൃഷ്ണകുമാർ/വിജിന, കണ്ണമ്പള്ളിൽ വീട്, കൃഷ്ണപുരം മുറി | സനിത, കണ്ണമ്പള്ളിൽ വീട്, കൃഷ്ണപുരം മുറി |
| 2. | S0025/17 | 54-16/17 തീയതി, 31.3.16 | 1,50,000 | വസന്ത/ജയാനന്ദൻ, മീനത്തേരിൽ കിഴക്കതിൽ, ഞക്കാനാൽ മുറി | ദേവകി, മീനത്തേരിൽ കിഴക്കതിൽ, ഞക്കാനാൽ മുറി |
| 3. | S0025/17 | 54-16/17 തീയതി, 31.3.16 | 1,50,000 | താര, താര ഭവനം, കാപ്പിൽ മേക്ക് | ബിജുകുമാർ, അരുണോദയം, പുള്ളിക്കണക്ക് മുറി |
| 4. | S0025/17 | 54-16/17 തീയതി, 31.3.16 | 1,50,000 | രമ്യ/രാകേഷ്, അമ്പാടി, കാപ്പിൽ മേക്ക് | ബിജുകുമാർ, അരുണോദയം, പുള്ളിക്കണക്ക് മുറി |
| 5. | S0025/17 | 53-16/17 തീയതി, 31.3.16 | 1,50,000 | ഓമന രാമചന്ദ്രൻ, കൊട്ടോളിൽ പടീറ്റതിൽ, കാപ്പിൽ കിഴക്കും മുറി | പ്രഹ്ലാദൻ നായർ, കരിഞ്ഞപ്പള്ളിൽ,കാപ്പിൽ കിഴക്കും മുറി |
| 6. | S0025/17 | 53-16/17 തീയതി, 31.3.16 | 1,50,000 | വിപിൻ ദാസ്, രമണി ഭവനം, കാപ്പിൽ കിഴക്കും മുറി | പ്രഹ്ലാദൻ നായർ, കരിഞ്ഞപ്പള്ളിൽ, കാപ്പിൽ കിഴക്കും മുറി |

## 3-14 വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധന സഹായം അനർഹർക്ക് നൽകി

സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായമിനത്തിൽ 150000/-രൂപ പിൻവലിച്ച് (ബിൽ നമ്പർ നം.1053/16 തീയതി.30.03.17) 30000/-രൂപാ വീതം 5 പേർക്ക് നൽകിയിട്ടുണ്ട്. അപേക്ഷകൾ

പരിശോധിച്ചതിൽ ധനസഹായം ലഭിച്ച ഉഷാ രാമചന്ദ്രൻ, കളീക്കൽ, ഞക്കനാൽ പി.ഒ, കൃഷ്ണപുരം എന്നയാളുടെ ധനസഹായത്തിന് അർഹത സൂചിപ്പിക്കുന്ന പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ്, വിവാഹത്തിന് സ്വർണ്ണം ഉൾപ്പെടെയുള്ള ആകെ ചെലവ് 50000/-രൂപയിൽ കവിഞ്ഞിട്ടില്ല എന്നീ സാക്ഷ്യപത്രം സൂക്ഷിച്ചിട്ടില്ല. സാധുക്കളായ വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം നൽകിയതിൽ നിർബന്ധമായും സൂക്ഷിക്കേണ്ട രേഖകൾ വാങ്ങാതെ ധനസഹായം അനുവദിച്ചതിന് വിശദീകരണം നൽകുന്നതിന് ഓഡിറ്റ് അന്വേഷണം 14. തീയതി,27.05.17 ന് ആകെ ചെലവ് 50000/- യിൽ കവിഞ്ഞിട്ടില്ലാ എന്ന സാക്ഷ്യപത്രം, ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ അന്വേഷണ റിപ്പോർട്ട് ഇവ വാങ്ങി ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ അർഹത ഉറപ്പുവരുത്തിയശേഷം ആനുകൂല്യങ്ങൾ നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-15 റേഷൻ കാർഡിലെ വരുമാനത്തെ ആധാരമാക്കി തൊഴിൽ രഹിത വേതനം നൽകി

2016-17 വർഷം തൊഴിൽ രഹിത വേതനം അനുവദിച്ചവരുടെ അപേക്ഷകൾ പരിശോധിച്ചതിൽ അപേക്ഷയോടൊപ്പം വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലാത്തതായി ശ്രദ്ധയിൽപ്പെട്ടു. 1998 ലെ കേരള തൊഴിൽ രഹിത വേതന ചട്ടങ്ങൾ ജി.ഒ(പി) 23/98/തൊഴിൽ 28.05.1998 പ്രകാരം കുടുംബ വാർഷിക വരുമാനം 12000 രൂപയിൽ കവിയുകയാണെങ്കിൽ ഈ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കില്ല. ഫയൽ പരിശോധിച്ചതിൽ 2016-17 വർഷം വേതനം അനുവദിച്ച 9 ഗുണഭോക്താക്കൾക്കും റേഷൻ കാർഡിലെ വരുമാനമാധാരമാക്കിയാണ് അർഹത നിർണ്ണയിച്ചിട്ടുള്ളത്. ഇതിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി നം.14 നുള്ള മറുപടിയിൽ നിലവിൽ പഞ്ചായത്തിൽ സ്വീകരിക്കുന്ന അപേക്ഷയോടൊപ്പം വരുമാന സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിക്കുന്നുണ്ടെന്നാണ്. ഈ മറുപടി അംഗീകരിക്കത്തക്കതല്ല. വേതനം അനുവദിച്ച എല്ലാ അപേക്ഷകരുടെയും വരുമാന സർട്ടിഫിക്കറ്റ് വാങ്ങേണ്ടതും അനർഹർ വേതനം കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ടി തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-16 ഹോമിയോ ആശുപത്രിക്ക് മരുന്ന് -- മരുന്ന് ലഭ്യമാകാത്തത് - സംബന്ധിച്ച്

ടഠഠ 65/17 നമ്പർ പ്രോജക്ടിലുൾപ്പെടുത്തി മരുന്നുകൾ വാങ്ങുന്നതിനായി 2,00,000 രൂപ (ബിൽ നം.1/16-17 തീയതി, 11.1.17 – 200000/-) ഹോംകോയ്ക്ക് നൽകിയെങ്കിലും മരുന്നുകൾ ഒന്നുതന്നെ ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിന് എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ചെലവുതുക 2,00,000/-രൂപ നിരാകരിക്കുന്നു.

## 3-17 മാതൃകാ അംഗൻവാടിക്ക് പാർക്കും എ.സി.യും

എ) സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാത്തതിന് പിഴ ഈടാക്കിയില്ല

മാതൃകാ അംഗൻവാടിക്കായി 273000/-രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നതിൽ ഐറ്റം നമ്പർ 12 പ്രകാരം എ.സി. സ്ഥാപിക്കലിനായി LS ആയി 54000/-രൂപ ഒഴികെയുള്ള 219000/-രൂപക്കാണ് ടി.എസ്. നൽകിയിട്ടുള്ളത്. എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 1% കുറവ് വാഗ്ദാനം ചെയ്ത ശ്രീ.ശശിധരൻ പിള്ളയുടെ ടെണ്ടർ അംഗീകരിച്ച് 15.01.2016ൽ സെലക്ഷന് നോട്ടീസ് നൽകിയിരുന്നു. 27.01.16ൽ അസിസ്റ്റന്റ് എൻജിനീയറുമായി എഗ്രിമെന്റ് വച്ചിട്ടുണ്ട്. എം.ബുക്ക് നം.151/15-16 ലെ രേഖപ്പെടുത്തൽ പ്രകാരം 28.12.2016ൽ ആണ് പ്രവർത്തി തുടങ്ങിയത്. പ്രവൃത്തി പൂർത്തിയായത് 02.03.2017ലാണ്. എം.ബുക്ക് പേജ് 32 പ്രകാരം 208635/-രൂപയുടെ പ്രവർത്തി ചെയ്തിട്ടുണ്ട്. സമയബന്ധിതമായി പ്രവർത്തി പൂർത്തിയാക്കാതിരുന്നതിന് നിയമാനുസൃതമായി ഈടാക്കേണ്ടിയിരുന്ന പിഴ ഈടാക്കിയിട്ടില്ല. വിശദീകരണം നൽകുന്നതിനായി എൻക്വയറി നം.20 പ്രകാരം ആവശ്യപ്പെട്ടിരുന്നു. ഇലക്ട്രിക്കൽ എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം കൊണ്ടാണ് പ്രവർത്തി വൈകിയത് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ എ.സി.ഫിറ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് പ്രത്യേകം ക്വട്ടേഷൻ വിളിച്ച് ഇലക്ട്രിക്കൽ കരാറുകാരനെ കൊണ്ടാണ് ഇലക്ട്രിക്കൽ പ്രവർത്തി

ചെയ്യത്. മറ്റു സിവിൽ വർക്കുകൾ തുടങ്ങുവാൻ ഇത് തടസ്സമാകേണ്ട കാര്യമില്ല. 22.02.2017ലെ കമ്മറ്റി തീരുമാന പ്രകാരമാണ് കരാർ തീയതി നീട്ടിയത് എന്ന് മറുപടിയിൽ പറയുന്ന എങ്കിലും കമ്മറ്റി തീരുമാനം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനായി കരാറുകാരൻ അപേക്ഷിച്ചിട്ടുള്ളതായും കാണുന്നില്ല. ആയതിനാൽ താഴെപ്പറയും പ്രകാരം പി.ഡബ്ല്യു.ഡി. മാന്വലിലെ വ്യവസ്ഥ 2116.1 പ്രകാരമുള്ള പിഴ ഈടാക്കേണ്ടതാണ്. (ബിൽ നം. 2/17 തീയതി, 18.02.2017 – 206757/-)

എസ്റ്റിമേറ്റ് തുക – 219000

എഗ്രീഡ് പി.എ.സി. - 216810 (1% below)

എഗ്രിമെന്റ് തീയതി - 27.01.2016

പൂർത്തിയാക്കേണ്ട തീയതി - 26.04.2016

പൂർത്തിയായ തീയതി - 02.03.2017

ഓരോ ആഴ്ചയ്ക്കും 0.1% നിരക്കിൽ 44 ആഴ്ചയ്ക്ക് 4.4%നിരക്കിൽ ഈടാക്കേണ്ട പിഴ 9540/-രൂപയാണ് (216810x4.4%). പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ബി) <u>എ.സി.വാങ്ങൽ - ബില്ല് ഹാജരാക്കാതെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക നൽകി</u>

എ.സി. ഫിറ്റ് ചെയ്യുന്നതിനുള്ള ഇനത്തിനായി 54000/-രൂപയ്ക്ക് പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കി DLTC അംഗീകാരം ലഭിച്ചിരുന്നു. 7% ബിലോ എസ്റ്റിമേറ്റ് നിരക്ക് ക്വാട്ട് ചെയ്ത അഹമ്മദ് കബീർ എന്നയാളിന്റെ ക്വട്ടേഷൻ അംഗീകരിച്ചു. 30.01.2017ൽ എഗ്രിമെന്റ് വച്ച് 13.03.2017ൽ പൂർത്തിയാക്കി. ഈ എസ്റ്റിമേറ്റിൽ 3 Star റേറ്റിംഗ് ഉള്ള ബ്ലൂസ്റ്റാർ സ് പ്ലിറ്റ് (split) എ.സി.ക്കായി 44000/-രൂപ വകയിരുത്തിയിരുന്നു. എന്നാൽ എ.സി. വാങ്ങിയതിന്റെ ബിൽ ഹാജരാക്കാതെ എസ്റ്റിമേറ്റിൽ സൂചിപ്പിച്ചിട്ടുള്ള മുഴുവൻ തുകയും കരാറുകാരന് നൽകി. ഫിറ്റ് ചെയ്തിട്ടുള്ള എ.സിയുടെ ടൈപ്പ് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥ ഉറപ്പുവരുത്തേണ്ടതും (എത്ര ടൺ) അതിന്റെ വിലയിൽ അധികരിച്ച നൽകിയ തുക തിരികെ ഈടാക്കേണ്ടതുമാണ് (ബിൽ നം. 15/17 തീയതി, 31.03.2017 - 52197) ചെലവു തുക തടസ്സത്തിൽ വക്കുന്നു.

## ഭാഗം-4

## <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

### 4-1 <u>വാർഷിക കണക്കിലെ അപാകതകൾ</u>

1. 2015-16 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി15 പ്രകാരം പ്രോപ്പർട്ടി ടാക്സ് (കുടിശ്ശിക ഡിമാന്റ്) 8,97,418 (523222+374196) രൂപയാണ്. എന്നാൽ 16-17 വർഷത്തെ ആർ.പി.സ്റ്റേറ്റ്മെന്റ് RP43 പ്രകാരം ഈ ഇനത്തിൽ അരിയർ കളക്ഷൻ 1110123/- രൂപയാണ്.

2. 2015-16 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി15 പ്രകാരം ട്രേഡേഴ്സിന്റെ തൊഴിൽ നികുതി കുടിശ്ശിക 4570/-രൂപയാണ്. എന്നാൽ 2016-17 വർഷത്തെ ആർ.പി.സ്റ്റേറ്റ്മെന്റ് RP43 പ്രകാരം ഈ ഇനത്തിൽ 25390/- രൂപ അരിയർ കളക്ഷൻ വന്നിട്ടുണ്ട്.

3. ഡെപ്പോസിറ്റ് രജിസ്റ്ററിലെ 31.3.17 ലെ സംക്ഷിപ്തം പരിശോധിച്ചതിൽ ഡെപ്പോസിറ്റുകളുടെ ഇനം തിരിച്ചുള്ള കണക്ക് അക്കൗണ്ട്സുമായി പൊരുത്തപ്പെടുന്നില്ല.

4. വാർഷിക കണക്കുപ്രകാരം VPFA 111 – 6 പ്രകാരം 972 രൂപ ട്രഷറിയിൽ ബാലൻസ് നിൽപ്പുണ്ട്. എന്നാൽ ഇപ്രകാരമൊരു അക്കൗണ്ട് നീക്കിയിരിപ്പ് ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തിയിട്ടില്ല.

5. സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളിൽ നിന്ന് ലഭിച്ചതിൽ ശേഷിക്കുന്ന തുകയുടെ വിവരം ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല.

4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 500000 | പ്രോജക്ട് നം.89/17 ഇരട്ട വീട് ഒറ്റവീടാക്കൽ | 80000 | 420000 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 300000 | പ്രോജക്ട് നം.89/17 ഇരട്ട വീട് ഒറ്റവീടാക്കൽ | Nil | 300000 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 270000 | പ്രോജ.നം.47/17 ലക്ഷ്മീശ്വരം മുക്ക് കളീക്കൽ മുക്ക് റോഡ് മെറ്റലിംഗ്, ടാറിംഗ് | Nil | 270000 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 260000 | പ്രോജ.നം.60/17 പമ്പ്ഹൗസ് കളക്കാട്ട് റോഡ് റീ ടാറിംഗ് | Nil | 260000 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 260000 | പ്രോജ.നം.63/17 കുറ്റിയിൽ മുക്ക് മറ്റൂർ മുക്ക്, മെറ്റലിംഗ്-ടാറിംഗ് | Nil | 260000 |
| ബ്ലോക്ക്പഞ്ചായത്ത് | 2016-17 | 250000 | പാലിന് സബ്സിഡി | 250000 | Nil |

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവർത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി | 747/2010 തസ്വഭവ നമ്പർ dtd 05.03.2010 | 11037500 | 819578 | 165920 | nil | 653658 |

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7. ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം | പരാമർശം |
|---|---|---|---|
| 1 | 2008-09 | 3-5 (5) | വിഇഒ ട്രഷറിയിൽ നിന്നും പിൻവലിച്ച തുക ഗുണഭോക്താവിന് നൽകിയില്ല |
| 2 | 2009-10 | 2-10 | വിഇഒ ട്രഷറിയിൽ നിന്നും പിൻവലിച്ച തുക ഗുണഭോക്താവിന് നൽകിയില്ല |

4-9ഓഡിറ്റ് പ്രത്യവലോകനം

(എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 45979838 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 42284625 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | 290001 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3667695 |

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | 3250 | ജി.രാധാകൃഷ്ണൻ,സെക്രട്ടറി |

| | | | |
|---|---|---|---|
| 3-4 | | 1200 | ജി.രാധാകൃഷ്ണൻ,സെക്രട്ടറി |
| 3-8 | | 50798 | ഡോ.അരുൾജ്യോതി, മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 3-9 | | 20310 | എം.ഷാജഹാൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-10 | | 14443 | ഡോ.അരുൾജ്യോതി, മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 3-16 | | 200000 | ഡോ.ഡോളി.എസ്, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| ആകെ | | 290001 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| | | |
|---|---|---|
| 3-1 | 510894 | സെക്രട്ടറി |
| 3-2 | 205396 | സെക്രട്ടറി |
| 3-6 | 1337772 | റാഹിലാബീവി,ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 3-9 | 17040 | എം.ഷാജഹാൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-11 | 24593 | ഉഷാകുമാരി, പ്രധാനാദ്ധ്യാപിക, തയ്യിൽ തെക്ക് ഗവ.എൽ.പി.എസ്. കാപ്പിൽ കിഴക്ക് |
| 3-12 | 472000 | ഉഷാകുമാരി,പ്രധാനാദ്ധ്യാപിക, തയ്യിൽ തെക്ക് ഗവ.എൽ.പി.എസ്. കാപ്പിൽ കിഴക്ക് |
| 3-13 | 900000 | എം.ഷാജഹാൻ, അസിസ്റ്റന്റ് സെക്രട്ടറി |
| | 3667695 | |

(സി)കേന്ദ്ര-സംസ്ഥാനസർക്കാരുകൾ,മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജി.രാധാകൃഷ്ണൻ, സെക്രട്ടറി | സെക്രട്ടറി, ഗ്രമപഞ്ചായത്ത് ക്ലാപ്പന | പായിക്കാക്കാട്ടുശ്ശേരിൽ, ആലുംപീടിക (പി.ഒ.)<br>പ്രയാർ സൌത്ത്, ഓച്ചിറ |
| ഡോ.അരുൾജ്യോതി,<br>മെഡിക്കൽ ഓഫീസർ,<br>ആയുർവേദം | ആയുർവേദ ഡിസ്പെൻസറി, കൃഷ്ണപുരം | ശ്രീനികേതൻ,ആര്യാട്, അവലൂകുന്ന്(പി.ഒ.),ആലപ്പുഴ |
| എം.ഷാജഹാൻ,<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി,<br>കൃഷ്ണപുരം ഗ്രമപഞ്ചായത്ത് | ഷാജി ഭവനം,<br>വള്ളികുന്നം (പി.ഒ.) |
| ഉഷാകുമാരി, പ്രധാനാദ്ധ്യാപിക | എച്ച്.എം.തയ്യിൽ തെക്ക് ഗവ.എൽ.പി.എസ്.കാപ്പിൽ കിഴക്ക് | ഇടയിലെ മണക്കാട്,<br>പോരുവഴി(പി.ഒ.)<br>മുതുപിലക്കാട് വെസ്റ്റ്, കൊല്ലം |
| ഡോ.ഡോളി.എ.എസ്,<br>മെഡിക്കൽ ഓഫീസർ | ഹോമിയോ ഡിസ്പെൻസറി, കൃഷ്ണപുരം | മായാലയം,<br>കുളക്കട ഈസ്റ്റ്.പി.ഒ |

4-10തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1998-99 | എൽ.എഫ്.ജി.എ-5/ 1832/11 /31.01.12 | |

| | | |
|---|---|---|
| 1999-00 | “ | |
| 2001-02 | “ | |
| 2001-02 | “ | |
| 2002-03 | “ | |
| 2000-01,2003-04 | “ | |
| 2004-05,05-06 | എൽ.എഫ്.ജി.എ-5/ 1577(13)13.05.14 | |
| 2006-07 | “ | |
| 2007-08 | “ | |
| 2008-09 | “ | |
| 2009-10 | “ | |
| 2010-11 | എൽ.എഫ്.എ.പി-4/ 870/201 /03.10.13 | |
| 2011-12,12-13 | എൽ.എഫ്.എ.പി-4/ 1859/14 /26.11.14 | ` |
| 2013-14 | എൽ.എഫ്.എ.പി-4/ 873/201 /04.08.15 | |
| 2014-15 | എൽ.എഫ്.എ.പി-4/ 873/201 /04.08.15 | |
| 2015-16 | കെ.എസ്.എൽ.പി.പി4-1523/16 | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

# അനുബന്ധം

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

No. KSA-ALP/P4-616/2017

Kerala state Audit Department

District Audit office, Alappuzha

Date: 15.06.2017

### AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Krishnapuram Grama panchayat in Alalppuzha District, for the year ended on 31-03-2017 in accordancee with Section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Krishnapuram Gramapanchayat for the year 2016-17 except the observations in Part 4 para 4-1 properly presents the picture of income & Expenditure.

Deputy Director

Kerala State Audit Department

Alappuzha

നം. കെ.എസ്.എ-എ.എൽ.പി/പി4-616/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി: 15.06.2017

*ഓഡിറ്റ് സർട്ടിഫിക്കറ്റ്*

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സർട്ടിഫിക്കറ്റിന്റെ അനുബന്ധ പത്രികയിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെയും ധനസ്ഥിതിയേയും ശരിയായ രീതിയിൽ പ്രതിനിധാനം ചെയ്യുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ